"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സുകളുടെ പരിപാലനം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ ഏറ്റെടുക്കുന്നതിലേക്കായി ടേക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി ചെയ്ത് - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.960/2022/LSGD തീയതി,തിരുവനന്തപുരം, 18-04-2022**

---

പരാമർശം:- 27.07.2020-ലെ സ.ഉ(സാധാ)നം.1401/2020/ത.സ്വ.ഭ.വ.

**ഉത്തരവ്**

"ടേക്ക് എ ബ്രേക്ക്" - പൊതു ശുചിമുറികളുടെ നവീകരണവും നിർമ്മാണവും പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം ടേക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന പൊതു ശൗചാലയങ്ങളുടെ നടത്തിപ്പിനും പരിപാലനത്തിനും കുടുംബശ്രീ പ്രവർത്തകരെയാണ് ചുമതലപ്പെടുത്തിയിരുന്നത്.

2. ലേല നടപടികളിലൂടെയോ മറ്റുമാർഗ്ഗങ്ങളിലൂടെയോ ഏജൻസികളെ കണ്ടെത്തി പൊതു ടോയ്‌ലറ്റുകളുടെയും ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സുകളുടെയും പരിപാലനം നടത്താൻ കഴിയാത്ത മുനിസിപ്പാലിറ്റികളിലെ പ്രസ്തുത ടോയ്‌ലെറ്റുകളുടെ പരിപാലനം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ ഏറ്റെടുക്കുന്നതിന് അനുമതി നല്കാവുന്നതാണെന്നു അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 26-ാമത് സംസ്ഥാന കൗൺസിൽ യോഗം നിർദ്ദേശിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലേല നടപടികളിലൂടെയോ മറ്റുമാർഗ്ഗങ്ങളിലൂടെയോ ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സുകളുടെ പരിപാലനം നടത്താൻ ഏജൻസികളെ കണ്ടെത്താൻ കഴിയാത്ത മുനിസിപ്പാലിറ്റികളിലെ പ്രസ്തുത ടോയ്‌ലെറ്റുകളുടെ പരിപാലനം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കുകീഴിൽ ഏറ്റെടുക്കുന്നതിലേക്കായി ടേക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി പരാമർശം പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക VI(1), VI(3) എന്നിവ താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

VI(1). ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ ഉള്ള കുടുംബശ്രീ യൂണിറ്റ്/അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രവർത്തകർക്കാണ് ടേക് എ ബ്രേക്ക് പദ്ധതിക്ക് കീഴിൽ നിർമ്മിക്കുന്ന ശുചിമുറി സമുച്ചയങ്ങളുടെ നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്

VI(3).അടിസ്ഥാനം, സ്റ്റാൻഡേർഡ് തലങ്ങളിലുള്ള ശുചിമുറി സമുച്ചയങ്ങളിൽ

ദിവസേനയുള്ള സന്ദർശകരുടെ എണ്ണം കുറവാകാൻ സാധ്യത ഉള്ളതിനാലും ശുചിമുറി സമുച്ചയത്തിനൊപ്പം റിഫ്രഷ്മെന്റ് കേന്ദ്രം കൂടി പ്രവർത്തിപ്പിച്ച് അധികവരുമാനം കണ്ടെത്തുന്നതിന് സ്ഥലസൗകര്യം കുറവുള്ളതുമായ സാഹചര്യത്തിൽ പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന്/ പ്രവർത്തകർക്ക് നിശ്ചിത വരുമാനം ഉറപ്പാക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ജീവനക്കാർക്ക് വേതനം നൽകുന്നതിന് ആവശ്യമായി വരുന്ന അധിക തുക (വയബിലിറ്റി ഗ്യാപ് ഫണ്ട്) പദ്ധതി വച്ച് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിപാലന ചുമതലയുള്ള കുടുംബശ്രീ ഗ്രൂപ്പിന് നൽകേണ്ടതാണ്. അയ്യൻകാളി തൊഴിലുറപ്പ് തൊഴിലാളികളെ നിയോഗിക്കുന്ന സാഹചര്യത്തിൽ ഒരു തൊഴിലാളിക്ക് ഒരു വർഷം 100 തൊഴിൽ ദിനങ്ങൾ വരെ കിട്ടുന്ന രീതിയിൽ വർഷം മുഴുവൻ പ്രവർത്തിപ്പിക്കാനും പരിപാലനം നടത്തുന്നതിനുമുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതും അത്തരം സാഹചര്യത്തിൽ ടേക്ക്-എ-ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സിൽ നിന്നുള്ള വരുമാനം തദ്ദേശസ്ഥാപനത്തിൽ ഒടുക്കേണ്ടതുമാണ്.

4. മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പ്രിസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്